303

शिक्षा का अधिकार

सर्व शिक्षा अभियान
सब पढ़ें सब बढ़ें

# ഒന്നാം പാദവാർഷിക മൂല്യനിർണയം 2015 –16

സ്റ്റാൻഡേർഡ് - 3 വിഷയം : ഗണിതം സമയം : 2 മണിക്കൂർ

ആകെ സ്കോർ: 25

കുട്ടിയുടെ പേര് :

വിദ്യാലയത്തിന്റെ പേര് :

| നമ്പർ | പ്രവർത്തനത്തിന്റെ പേര് | ഗ്രേഡ് |
|---|---|---|
| 1. | ഓണാഘോഷം | |
| 2. | ചില്ലറയാക്കാം | |
| 3. | തുണിക്കടയിലേക്ക് | |
| 4. | നമ്പർ നൽകാം | |
| 5. | സഹായനിധി | |
| | ഓവറോൾ ഗ്രേഡ് | |

ടീച്ചറുടെ പേരും ഒപ്പും:

രക്ഷിതാവിന്റെ പേര്, ഒപ്പ് :

പ്രവർത്തനം :1

സമയം : 20 മിനിറ്റ്

## ഓണാഘോഷം

ഓണാഘോഷത്തിന്റെ ഭാഗമായി ആനപ്പാലം ഗവ.എൽ.പി. സ്കൂളിലെ കുട്ടികൾ 4 ഗ്രൂപ്പുകളായി തിരിഞ്ഞ് ശേഖരിച്ച തുകയുടെ വിവരങ്ങളാണ് താഴെ കൊടുത്തിരിക്കുന്നത്.

എ)

| ഗ്രൂപ്പ് | ലഭിച്ച തുക സംബന്ധിച്ച വിവരങ്ങൾ | ആകെ തുക |
|---|---|---|
| തുമ്പ | 496 ഒന്നുകൾ | ............രൂപ |
| തെച്ചി | ..........നൂറ്,.........പത്ത്, ...............ഒന്നുകൾ | 864 രൂപ |
| മന്ദാരം | 3 പത്ത് 5 നൂറ് , 8 ഒന്നുകൾ | ..............രൂപ |
| മുല്ല | 91 പത്തുകൾ 6 ഒന്നുകൾ | ..............രൂപ |

ബി). പിരിച്ചെടുത്ത തുകയുടെ അടിസ്ഥാനത്തിൽ ഗ്രൂപ്പുകളെ ക്രമപ്പെടുത്തി എഴുതൂ (ഏറ്റവും കുറഞ്ഞ തുക മുതൽ കൂടിയ തുക വരെ)

| | | | | |
|---|---|---|---|---|
| ഗ്രൂപ്പ് | | | | |
| തുക | | | | |

പ്രവർത്തനം - 2 സമയം- 25 മിനിറ്റ്

## ചില്ലറയാക്കാം

തെച്ചി ഗ്രൂപ്പ് കൊണ്ടുവന്ന തുക ഏതെല്ലാം വിധത്തിൽ ചില്ലറയാക്കാം. ?



## തുണിക്കടയിലേക്ക്




തുണിക്കടയിലെ പരസ്യം കണ്ടുകൊണ്ടാണ് അനുവും കൂട്ടരും അങ്ങോട്ട് കയറിയത്.

എ) അനു 410 രൂപ വിലയുള്ള ചുരിദാറും 540 രൂപ വിലയുള്ള സാരിയും വാങ്ങിയാൽ ആകെ എത്ര രൂപയാകും. ?

ബി. അനുവിന്റെ ചുരിദാറിനേക്കാൾ 30 രൂപ കൂടുതൽ വിലയുള്ള ചുരിദാറും, 615 രൂപ വിലയുള്ള സാരിയും ആണ് സിനി വാങ്ങിയത്. അവൾക്ക് ആകെ എത്ര രൂപ ചെലവാകും. ?

സി). 795 രൂപയുടെ പാന്റും 255 രൂപയുടെ ഷർട്ടും വാങ്ങിയാൽ റഹീം എത്ര രൂപ കൊടുക്കണം ?

ആർക്കൊക്കെ സമ്മാനം കിട്ടി. ?

ഡി). കുറഞ്ഞത് എത്ര രൂപക്ക് കൂടി സാധനങ്ങൾ വാങ്ങിയാൽ അനുവിന് സമ്മാനം കിട്ടും. ?

## നമ്പർ നൽകാം.

സ്കൂൾ വാർഷികത്തിന്റെ ഭാഗമായി നടക്കുന്ന വിവിധ മത്സരങ്ങൾക്ക് നമ്പർ കാർഡ് തയ്യാറാക്കാൻ ടീച്ചർ രവിയെ ചുമതലപ്പെടുത്തി. ഓരോ മത്സരത്തിനും പ്രത്യേക രീതിയിലാണ് നമ്പർ നൽകിയത്. അത് പൂർത്തിയാക്കൂ..

എ). കസേരകളി.

105 205 305 ............ , ................. , ......................

ബി). ഓട്ടമത്സരം.

850 800 750 ............... , .................. , ...................

സി). തവളച്ചാട്ടം

755 760 765 ............ , ...................... , .................

ഡി) മിഠായി പെറുക്കലിനുള്ള നമ്പർ നിങ്ങൾ തയ്യാറാക്കൂ....

പ്രവർത്തനം - 5

സമയം - 25 മിനിറ്റ്

## സഹായനിധി

ആനപ്പാലം സ്കൂളിൽ ഈ വർഷം പുതിയ ഒരു സഹായനിധി രൂപീകരിച്ചു.

ഒന്നാം ക്ലാസ്സും രണ്ടാം ക്ലാസ്സും കൂടി 357 രൂപയും മൂന്നും നാലും ക്ലാസ്സുകൾ കൂ 381 രൂപയും ശേഖരിച്ചു.

എ). ആകെ കിട്ടിയ തുക എത്ര ?

ബി). ജൂലൈ മാസത്തിൽ 220 രൂപ ചെലവായി ബാക്കി എത്ര ?

BIO-VISION VIDEO BLOG

സി). ആഗസ്റ്റ് മാസത്തിൽ 365 രൂപയും ചെലവായെങ്കിൽ സഹായ നിധിയിൽ ഇപ്പോ എത്ര രൂപ ബാക്കിയുണ്ട് ?